ഉത്തരം

(എ) 31–7–1981–ലും 24–2–1982–ലും സർക്കാർ പ്രസിദ്ധീകരിച്ച സ്ഥലനിർണ്ണയ ലിസ്റ്റിലെ 382 സ്കൂളുകളിൽ നിന്നും മുൻ ഗവൺമെന്റ് അനുവദിച്ചതിനുശേഷമുള്ള നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെന്റിന്റെ കാലത്തു പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിന്റെ തുടർച്ചയായി 27–1–1983–ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥലനിർണ്ണയലിസ്റ്റിൽ നിന്നും 247 എയിഡഡ് സ്കൂളുകളും 294 അൺ എയിഡഡ് സ്കൂളുകളും ഉൾപ്പെടെ 626 സ്കൂളുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

എയിഡഡ് ഹൈസ്കൂളുകൾ	148
എയിഡഡ് യു.പി. സ്കൂൾ	97
എയിഡഡ് എൽ.പി. സ്കൂൾ	87
അൺഎയിഡഡ് ഹൈസ്കൂൾ	52
അൺ എയിഡഡ് യു.പി. സ്കൂൾ	98
അൺഎയിഡഡ് എൽ.പി. സ്കൂൾ	144

(സി) 9 (ഒൻപത്)

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ഈ സർക്കാർ അനുവദിച്ച സ്കൂളുകൾ

451 [488] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ അനുവദിച്ച സ്കൂളുകൾ എത്ര;

എൽ.പി.എസ്സ്, യു.പി.എസ്സ്., എച്ച്.എസ്സ്. എന്നിങ്ങനെ ഓരോ ഇനത്തിലും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അനുവദിച്ചതിൽ പൊതുമേഖലയിൽ എത്ര സ്കൂളുകൾ പൂട്ടിയിട്ടുണ്ട്; അങ്ങനെ പൂട്ടിയിടാൻ കാരണമെന്ത്?

ഉത്തരം

(എ)

ആകെ അനുവദിച്ച സ്കൂളുകൾ	116
എച്ച്.എസ്സ്.	30
യു.പി.എസ്സ്.	61
എൽ.പി.എസ്സ്.	25

(ബി) സ്കൂളുകളൊന്നും പൂട്ടിയിട്ടില്ല.

ഓരോ ജില്ലയിലേയും ഹൈസ്കൂളുകൾ

452 [489] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

31–3–1986–ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഓരോ ജില്ലയിലും എയിഡഡ്, അൺ എയിഡഡ്, ഗവൺമെന്റ് എന്നീ വിഭാഗങ്ങളിൽ എത്ര ഹൈസ്കൂളുകൾ വീതം ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1985–86–ലെ താൽക്കാലിക കണക്കുകളനുസരിച്ച് സംസ്ഥാനത്ത് 931 ഗവൺമെൻറ് ഹൈസ്കൂളുകളും 1366 എയിഡഡ് ഹൈസ്കൂളുകളും 96 അൺഎയിഡഡ് ഹൈസ്കൂളുകളും പ്രവർത്തിക്കുന്നു. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഹൈസ്കൂളുകൾ (1985–86–ലെ കണക്കു പ്രകാരം)

റവന്യൂ ജില്ല	ഗവ. സ്കൂളുകൾ	എയിഡഡ് സ്കൂളുകൾ	അൺ എയിഡഡ് സ്കൂളുകൾ	ആകെ
1. തിരുവനന്തപുരം	115	95	12	222
2. കൊല്ലം	73	110	5	188
3. പത്തനംതിട്ട	47	113	5	165
4. ആലപ്പുഴ	55	126	2	183
5. കോട്ടയം	57	166	11	234
6. ഇടുക്കി	54	68	5	127
7. എറണാകുളം	84	172	23	279
8. തൃശ്ശൂർ	74	149	12	235
9. പാലക്കാട്	56	74	7	137
10. മലപ്പുറം	80	72	3	155
11. കോഴിക്കോട്	63	95	7	165
12. വയനാട്	33	22	2	57
13. കണ്ണൂർ	140	104	2	246
കാസർകോട് ജില്ല ഉൾപ്പെടെ				
ആകെ	931	1366	96	2393

പുതിയ വിദ്യാലയങ്ങൾ

453 [491] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) സ്കൂളുകൾ അപ്ഗ്രേഡു ചെയ്യുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ ആണ് അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി, സി, ഡി) 1986–87–ൽ 150 അൺ എയിഡഡ് സ്കൂളുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് നയപരമായി തീരുമാനിച്ചിട്ടുണ്ട്. ഇതിനും പുറമെ ഏകദേശം ആറിൽപരം സ്ഥലങ്ങളിൽ സർക്കാർ സ്കൂളുകൾ പുതുതായി തുടങ്ങുന്നതിനും അപ് ഗ്രേഡ് ചെയ്യുന്നതിനും ഗവൺമെൻറ് ഉദ്ദേശിക്കുന്നു. എയിഡഡ് സ്കൂളുകൾ തുടങ്ങുന്നതിനു പുതുതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടെന്നും ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly